ഉത്തരം

തിരുവല്ലയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ 37 മുറികൾ ലേലത്തിൽ പോയിട്ടുണ്ട്. 7 മുറികൾ അനുവദിക്കാനുള്ള നടപടി ക്രമങ്ങളിലാണ്. 46 എണ്ണം ഒഴിഞ്ഞു കിടക്കുന്നു.

നിരീക്ഷണ ക്യാമറകൾ

316 (3828) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക്ക് നിയമലംഘനങ്ങളിൽ നിന്നും പിഴ ഈടാക്കാൻ മോട്ടോർ വാഹനവകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്യാമറ നിരീക്ഷണ സംവിധാനം വഴി കണ്ടുപിടിക്കാവുന്ന ട്രാഫിക് സംബന്ധമായ നിയമ ലംഘനങ്ങൾക്ക് നൽകുന്ന നോട്ടീസുകൾക്ക് പിഴ ഈടാക്കുന്നത് കെൽട്രോൺ തയ്യാർ ചെയ്ത payment service module എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ മുഖേനയാണ്. ഈ സംവിധാനത്തിൽ പിഴ അടയ്ക്കുമ്പോൾ തന്നെ നോട്ടീസിന്മേൽ ഉള്ള നടപടികൾ അവസാനിപ്പിക്കപ്പെടുന്നു. പിഴ ഒടുക്കാത്ത നിയമ ലംഘകർക്ക് reminder അയയ്ക്കുന്നതിനും ഈ സംവിധാനത്തിൽ കൂടി കഴിയും. ഇതിന്റെ സഹായത്തോടെ ഗതാഗത നിയമലംഘകരിൽനിന്നും പിഴ ഈടാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് അതാതു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് അപകടങ്ങൾക്ക് സാഹചര്യം സൃഷ്ടിക്കുന്ന മേഖലകൾ തിരിച്ചറിഞ്ഞ് അവിടെയൊക്കെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിയമലംഘകരെ കണ്ടെത്തി പിഴ ഈടാക്കുന്നതിനുള്ള നടപടികളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനുവേണ്ട കൺട്രോൾ റൂമുകൾ സ്ഥാപിക്കുകയും നിരീക്ഷണത്തിനായി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിലും ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചുകഴിഞ്ഞു.

ജസ്റ്റീസ് ചന്ദ്രശേഖരദാസ് കമ്മീഷൻ

317 (3829) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ട്രാൻസ്പോർട്ട് ട്രാഫിക്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ;

(ബി) എങ്കിൽ റോഡ് സേഫ്റ്റി, ട്രാഫിക് സംവിധാനം ഇവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എന്തെന്ന് ലഭ്യമാക്കുമോ;

(സി) പുതുതായി എന്തെങ്കിലും മാതൃകാ സംവിധാനം അദ്ദേഹത്തിന്റെ കണ്ടെത്തലുകളിൽ സൂചിതമായിട്ടുണ്ടോ;

(ഡി) റോഡ് സുരക്ഷയ്ക്ക് പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പരാമർശങ്ങൾ ഉണ്ടോ ; വിശദാംശം വ്യക്തമാകുമോ ;

(ഇ) നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ പ്രത്യേകം നിർദ്ദേശങ്ങൾ ഉണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി പുരുഷൻമാർക്ക് 20 വയസ്സും സ്ത്രീകൾക്ക് 21 വയസ്സും ആയി നിശ്ചയിക്കുക, സ്കൂൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ 'സ്റ്റുഡന്റ്സ് വെഹിക്കിൾ' എന്ന സ്റ്റിക്കർ പതിപ്പിക്കുക.

2. അഞ്ച് വർഷത്തെ ഡ്രൈവിംഗ് പരിചയം ലഭിച്ചതിനുശേഷം മാത്രം ഡ്രൈവർമാരെ ദേശീയ പാതകളിൽ വാഹനം ഓടിക്കാൻ അനുവദിക്കുക.

LIBRARY ARCHIVES Kerala Legislative Assembly